**വിവരാവകാശം / മറുപടി**

നമ്പർ: E4-14344/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 9.11.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി. റുബീന.എൻ,
മുണ്ടോടൻ (വീട്)
തെരട്ടമ്മൽ, ഊർങ്ങാട്ടീരി (പി.ഒ)
അരീക്കോട്, മലപ്പുറം (ജില്ല)
പിൻ- 63639.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 26.10.18ലെ അപേക്ഷ.

2005ലെ വിവരാവകാശ നിയമ പ്രകാരം താങ്കളാവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങളുടെ നടത്തിപ്പിനും ഭരണ നിർവ്വഹണത്തിനും വേണ്ടി 8.8.14ലെ സ.ഉ(സാധാ) നം.501/2014/സാ.നീ.വ പ്രകാരം തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് മാന്വലിൽ സ്ഥാപന സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, വാച്ച് വുമൺ, മേട്രൺ എന്നീ ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് ആകെ 7 പേജുണ്ട്. ആയതിന്റെ പകർപ്പ് പേജിന് ഒന്നിന് 2/- രൂപ ക്രമത്തിൽ 14/- രൂപ (പതിനാല് രൂപ മാത്രം) 0070-60-800-42 അദർ ചാർജ്ജസ് RTI എന്ന ശീർഷകത്തിൽ ഒടുക്കി രസീത് ഹാജരാക്കുന്ന മുറയ്ക്ക് താങ്കൾക്ക് ലഭ്യമാക്കുന്നതാണെന്നറിയിക്കുന്നു.
2. വിവരാവകാശ നിയമം 2005 ലെ സെക്ഷൻ 2 (F) പ്രകാരം അഭിപ്രായം പ്രകടിപ്പിക്കുന്നതിനും സാങ്കല്പികമോ ഊഹിയ്ക്കാവുന്നതോ ആയ വിവരം നൽകുന്നതിനും വ്യവസ്ഥയില്ല.
3. ക്ഷേമ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലി സമയം, അവധി എന്നിവ അതാത് സ്ഥാപന മേധാവികൾ സ്ഥാപനത്തിന്റെ നടത്തിപ്പിനുതകും വിധം ക്രമീകരിക്കുന്നതിനാൽ താങ്കളുടെ അപേക്ഷയിലെ 3- ാം ചോദ്യത്തിന് താങ്കൾക്ക്

*db@18*

നേരിട്ട് മറുപടി നൽകുന്നതിന് അപേക്ഷയുടെ പകർപ്പ് വകുപ്പിനു കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും നൽകിയിട്ടുണ്ടെന്ന് അറിയിക്കുന്നു.

4. വിവരാവകാശ നിയമം 2005 ലെ സെക്ഷൻ 2 (F) പ്രകാരം അഭിപ്രായം പ്രകടിപ്പിക്കുന്നതിനും സാങ്കല്പികമോ ഊഹിയ്ക്കാവുന്നതോ ആയ വിവരം നൽകുന്നതിനും വ്യവസ്ഥയില്ല.
5. താങ്കളുടെ അപേക്ഷയിലെ 5- ാം ചോദ്യത്തിന് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിന് അപേക്ഷയുടെ പകർപ്പ് വകുപ്പിനു കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും നൽകിയിട്ടുണ്ടെന്ന് അറിയിക്കുന്നു.
6. KSR, KS&SSR, കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽറൂൾ.
7. KSR Part I റൂൾ 14 പ്രകാരം സർക്കാർ ജീവനക്കാർ 24 മണിക്കൂറും സർക്കാരിനധീനമാണ്. സാമൂഹ്യനീതി വകുപ്പിലെ വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സുരക്ഷയ്ക്കായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളായ വാച്ച്മാൻ / വാച്ച് വുമൺ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ സ്ഥാപനത്തിന്റെയും അന്തേവാസികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്ഥാപന മേധാവി നിർദ്ദേശിക്കുന്ന സമയം ജോലി ചെയ്യുന്നതിന് ബാദ്ധ്യസ്ഥരാണ്. ഓരോ ക്ഷേമ സ്ഥാപനത്തിന്റെയും പ്രവർത്തനം വ്യത്യസ്തമായതിനാൽ ജോലി സമയം സംബന്ധിച്ച വിവരം ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതാണെന്നറിയിക്കുന്നു.
8. വാച്ച്മാൻ, വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ അവധി സംബന്ധിച്ച വിവരം ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർ നേരിട്ട് താങ്കൾക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുന്നു.
9. സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ വാച്ച് വുമൺ തസ്തിക 21.1.2002 ലെ G.O(P) നം.1/2002/P&ARD പ്രകാരം ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ടി തസ്തികയുടെ ജോലി സമയം സ്ഥാപനത്തിന്റെ പ്രവർത്തനവും ജോലിയുടെ സ്വഭാവവുമനുസരിച്ച് സ്ഥാപന മേധാവി നിശ്ചയിക്കുന്നതാണ്.
10. സാമൂഹ്യനീതി വകുപ്പിനു കീഴിൽ 8 സ്ഥാപനങ്ങളിലായി 11 വാച്ച് വുമൺ തസ്തിക നിലവിലുണ്ട്. ടി തസ്തികയുള്ള സ്ഥാപനങ്ങളുടെ ഫോൺ നമ്പർ സഹിതമുള്ള ഔദ്യോഗിക വിലാസം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാച്ച് വുമൺ തസ്തിക നിലവിലുള്ള സ്ഥാപനങ്ങളുടെ വിലാസം. | ടെലഫോൺ നമ്പർ |
|---|---|---|
| 1. | ഗവ. ആശാഭവൻ (സ്ത്രീകൾ),<br>പൂജപ്പുര, തിരുവനന്തപുരം. | 0471-2341944 |
| 2. | ഗവ. ആഫ്റ്റർ കെയർ ഹോം,<br>അഷ്ടമുടി മുക്ക്, ഇഞ്ചവിള പി.ഒ,<br>അഞ്ചാലുംമൂട്, കൊല്ലം. | 0474-2072500 |
| 3. | ഗവ. ചിൽഡ്രൻസ് ഹോം (ഗേൾസ്)<br>മായിത്തറ പി.ഒ<br>ചേർത്തല, ആലപ്പുഴ | 0478-2812366 |

| | | |
|---|---|---|
| 4. | ഗവ. മഹിളാമന്ദിരം<br>ചാമ്പക്കര, പൂണിത്തുറ പി.ഒ<br>എറണാകുളം | 0484-2303664 |
| 5. | ഗവ. ചിൽഡ്രൻസ് ഹോം (ഗേൾസ്)<br>കാക്കനാട്, എറണാകുളം. | 0484-2428553 |
| 6. | ഹോം ഫോർ ഫിസിക്കലി ഹാൻഡി ക്യാപ്ഡ്<br>(വുമൺ), തേവര, കൊച്ചി | 0484-2663688 |
| 7. | റസ്ക്യൂ ഹോം,<br>തൃക്കണ്ണാപുരം (പി.ഒ), തവനൂർ, മലപ്പുറം. | 0494-2698341 |
| 8. | ഷോർട്ട് സ്റ്റേ ഹോം,<br>സാമൂഹ്യനീതി കോംപ്ലക്സ്,<br>വെള്ളിമാട് കുന്ന് പി.ഒ, കോഴിക്കോട്. | 0495-2731883 |

11. വാച്ച് വുമൺ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പൊതു അവധി ബാധകമാണ്.

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ലാത്തപക്ഷം ശ്രീമതി.കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്. രാജീവ്കുമാർ
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്

db@18

**വിവരാവകാശം**

നമ്പർ: E4-14344/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 9.11.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: ശ്രീമതി. റുബീന.എൻ ന്റെ 26.10.2018-ലെ അപേക്ഷ.

വിവരാവകാശ നിയമം 2005 പ്രകാരമുള്ള ശ്രീമതി. റുബീന.എൻ-ന്റെ അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത അപേക്ഷയിലെ ക്രമ നം.3, 5, 7, 8 എന്നിവയുടെ വിവരങ്ങൾ താങ്കൾ അപേക്ഷകയ്ക്ക് നേരിട്ട് നേൽകേണ്ടതാണെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

പകർപ്പ്:-

ശ്രീമതി. റുബീന.എൻ,
മുണ്ടോടൻ (വീട്)
തെരട്ടമ്മൽ, ഊർങ്ങാട്ടീരി (പി.ഒ)
അരീക്കോട്, മലപ്പുറം (ജില്ല)
പിൻ- 33639.

*db@18*